# നവരംഗം

Digital Magazine



LITTLE KITES

SAMOOHAM HIGH SCHOOL, N PARAVUR

## സന്ദേശം

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി
കേരളത്തിലെ വിദ്യാഭ്യാസരംഗം
ഒന്നാകെ ഉണർന്നു പ്രവർത്തിച്ചു വരികയാണ്.
നമ്മുടെ വിദ്യാലയവും ഈ കുതിപ്പിനൊപ്പം നീങ്ങുകയാണ്.
കുട്ടികളിലെ വിവരസാങ്കേതിക നൈപുണി വികസിപ്പിച്ച്
പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ
ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ്.
കുട്ടികൾ പരിശീലിച്ച സോഫ്റ്റ്‌വെയറുകൾ പ്രയോജനപ്പെടുത്തി
അധ്യാപകരുടെ പിന്തുണയോടെ
സ്കൂൾ പ്രവർത്തനങ്ങളും സർഗ്ഗാത്മക രചനകളും ഉൾപ്പെടുത്തി
തയ്യാറാക്കിയതാണ് '
നവരംഗം ഡിജിറ്റൽ മാഗസിൻ'.
എല്ലാവിധ ആശംസകളും നേരുന്നു..

- ഹെഡ്മിസ്ട്രസ്

# EDITORIAL

**NAVARAMGAM**
**Digital Magazine**
Volume 2, January 2020
**Published by:**
Little Kites, Samooham High School, Republic Road, N Paravur
Ernakulam District, Kerala – 683513
**Get in touch with us:**
Send mail to:samoohamhs@gmail.com
Ph:0484 2443588
https://schoolwiki.in/SamoohamHSNParavur
**Cover Page by:**
UNNIMAYA M R

## Editorial Board

| | |
|---|---|
| HARIKRISHNAN S | |
| ABHAY DEV K M | |
| AKSHAY C R | |
| AKSHAY D M | |
| SAJITH G S | KRISHNADEV VENUGOPAL |
| ASWIN UNNI | VIGNESH T S |
| SREEHARI JAYAN | ADIL MUBARAK P M |
| ANANDU M V | ISMAIL H O |
| AKASH P R | AJMEES K S |
| JITO RAJU | FARAJ BASHEER |
| FARIS A S | UMARUL MUKTHAR M A |
| ABEL JOHN SAM | ADIL MUBARAK P M |

ഒരുകാലത്ത്
ഗുരുകുല സമ്പ്രദായത്തിലൂടെയായിരുന്നു
വിദ്യ പകർന്നു നൽകിയിരുന്നത്.
ഇന്ന് കാലം മാറിയിരിക്കുന്നു.
വിജ്ഞാനം വിരൽത്തുമ്പിൽ ആണ്.
ഇത് മത്സരത്തിന്റെ ലോകമാണ്.
ഒപ്പമെത്താൻ നമ്മളും സജ്ജരാകണം.
വിലപ്പെട്ട ഓരോ അറിവും
വളരെ പെട്ടെന്ന് തന്നെ
എല്ലാവരിലേക്കും എത്തിക്കാൻ
ഞങ്ങൾ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു.
"നവരംഗം" ജനിക്കുന്നു.
പറവൂർ സമൂഹം ഹൈസ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ
ഈ എളിയ സംരംഭം
എല്ലാവരുടെയും അനുഗ്രഹാശിസ്സുകൾ
പ്രതീക്ഷിച്ചുകൊണ്ട്
സമർപ്പിക്കുന്നു.

## ഉള്ളടക്കം

EDITORIAL....3
മാതൃവാത്സല്യം....6
മഴ....7
QUIZ TIME....8
ഓർമ്മയിലെ മഴ....9
ഒരു ഫോട്ടോഗ്രാഫി ടിപ്പ്....10
പനിനീര് ചെടിയും പൂമ്പാറ്റയും....11
കുട്ടികൾ വരച്ച ചിത്രങ്ങൾ....12
വിദ്യാലയ മികവുകൾ....19
IT പദപ്രശ്നം....20

# മാതൃവാത്സല്യം

“എനിക്ക് ഇനി നാട്ടിലേക്ക് തിരിച്ചുപോകണ്ട. ഇവിടെ നിന്നാൽ മതി . അമ്മ ഒന്നു ഫോൺ വച്ചേ.” മകൻ പറഞ്ഞു. അമ്മ തുടർന്നു. “മോനേ നിനക്ക് നിന്റെ അച്ഛനെ കാണണ്ടെ. അച്ഛൻ എത്ര നാളായി കിടപ്പ് തന്നെ ആയിട്ട്. നിനക്ക് ഒണം വന്നു കണ്ടുകൂടെ.”
മകൻ ഫോൺ വെച്ചു.

മകൻ ദൂരെയുള്ള ഒരു നാട്ടിൽ ജോലി എടുക്കുകയാണ് . അവിടെനിന്ന് അവന് തിരിച്ചുവരാൻ തോന്നുന്നില്ല. അമ്മ പലവട്ടം വിളിച്ചു. അവൻ അവന്റെ ഭാര്യയോടൊപ്പം കഴിയുകയാണ്. സുഖജീവിതം. അവൻ അമ്മയ്ക്ക് മണിയോടർ അയച്ച് കൊടുക്കും . അച്ഛൻ കിടപ്പിലാണ്. അമ്മയ്ക്കും എന്തെങ്കിലും പറ്റിയാലോ എന്നുള്ളത് അവൻ ചിന്തി ക്കുന്നില്ല.

അമ്മ വീണ്ടും വിളിച്ചു. മകൻ, “എന്താ അമ്മേ”. “മോനേ നീ വരണമെന്നില്ല. പക്ഷേ ഞാനും അച്ഛനും പോയാൽ ഞങ്ങൾക്ക് ബലികർമ്മങ്ങൾ ചെയ്യാൻ ആരുണ്ട്?
മകൻ - "അമ്മേ ഞാൻ തിരക്കിലാണ്, പിന്നീട് വിളിക്കാം”.

രണ്ട് ദിവസം കഴിഞ്ഞപ്പോൾ അമ്മ മകനെ വിളിക്കുന്നില്ല . മകൻ അമ്മയെ വിളിച്ചു, അമ്മ ഫോൺ എടുക്കുന്നില്ല. മകൻ വേവലാതിപ്പെട്ടു. അവിടെ നാട്ടിൽ, ഒരു കൊച്ചു ഗ്രാമമാണ്. "അടുത്തടുത്താണ് വീടുകൾ പക്ഷേ ആൾതാമസം കുറവാണ് . ആരെങ്കിലും മരണപ്പെട്ടാൽ അറിയില്ല”. മകൻ ഭാര്യയോട് പറഞ്ഞു. ഭാര്യ പറഞ്ഞു. “നമ്മുക്ക് നാട്ടിൽ പോയാലോ?” മകൻ തുടർന്നു. “അടുത്തുള്ള രവി എന്ന ചേട്ടൻ ഉണ്ട് , ഞാൻ ആ ചേട്ടനെ ഒന്നു വിളിച്ചു നോക്കട്ടെ”.

മകൻ രവിയെ വിളിച്ചു . ഫോൺ എടുക്കുന്നില്ല. അമ്മയെ ഒന്നുകൂടി വിളിച്ചു.ഫോൺ എടുക്കുന്നില്ല. മൂന്നു ദിവസം ഇതു തന്നെ തുടർന്നു. മകൻ നാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. അവർ നാട്ടിലെ വീട്ടിൽ എത്തി. കതക് അടച്ചിട്ടിരിക്കുന്നു. മകൻ അമ്മേ എന്നു കുറേ തവണ വിളിച്ചു. കേൾക്കുന്നില്ല.

വാതിൽ തറന്നു, അച്ഛനെ കണ്ടു. അച്ഛനോടു ചോദിച്ചു. “അമ്മ എവിടെയാ അച്ഛാ”?.
അച്ഛൻ- "മോൻ വന്നോ, അമ്മ വീടിന്റെ പുറകിൽ ഉണ്ടാകും ". മകന് കുറച്ച് ആശ്വാസമായി.

മകൻ ഓടി ചെന്നു. അമ്മയെ കണ്ടു . അമ്മയെ കെട്ടിപ്പിടിച്ചു. എന്നിട്ട് മകൻ പറഞ്ഞു. "എന്നോട് ക്ഷമിക്ക് ഞാൻ അറിയാണ്ട്...."അമ്മ പറഞ്ഞു. "ഇല്ല മോനേ ആർക്കായാലും വളർ ത്തി വലുതാക്കിയവരോട് സ്നേഹം ഉണ്ടാവില്ല".

മകൻ - “ഇല്ല അമ്മേ". അമ്മ... :അതൊക്കെ പോട്ടെ എന്താ ഇവിടെ വന്നിരുന്നത് ? അമ്മയെ എത്ര വട്ടം ഫോൺ ചെയ്തു , ഫോൺ എടുക്കുന്നേയില്ല ".
അമ്മ- "ഞാൻ നിന്നെ വിളിച്ചപ്പോൾ നിനക്ക് തിരക്കായിരുന്നില്ലേ ? പിന്നീട് വിളിക്കാം എന്നു പറഞ്ഞിട്ട് രണ്ട് ദിവസം കഴിഞ്ഞപ്പോളല്ലേ സമയം കിട്ടിയേ ?
അമ്മ എന്നോട് ക്ഷമിക്ക്..
അതൊന്നും സാരമില്ല നീ വന്നല്ലോ.. അതുമതി ".

**അയന വി. എ**
**10 A**

# മഴ

മഴ നിന്നുടെ നാമത്തിൽ തന്നെയുണ്ട്

പേമാരിയായും, ചാറ്റലായും, ഇളം തെന്നലായും

ഒടുവിൽ പ്രളയ രൂപമായും നീ

ഞങ്ങളെ തഴുകി

കൊടും ചൂടിൽ ആശ്വാസമായും

പ്രളയകാലത്ത് ദുരിതമായും

അങ്ങനെയെല്ലാം നീ ഞങ്ങളെ തഴുകി

എനിക്കറിയാം നിന്റെ യാതനകൾ

ഒരവസരം കിട്ടിയപ്പോൾ നീ

പെയ്തൊഴുകി.....

എങ്കിലും നീ ഇടയ്ക്ക് ഇടയ്ക്ക് വരുന്നു

ഞങ്ങളെയെല്ലാം കണ്ടിട്ട് ഒടുവിൽ

“ഒടുവിൽ" പോകുന്നു.

നിന്നുടെ ഒച്ച കാതുകളിൽ മുഴങ്ങിയപ്പോൾ

ഞാനറിഞ്ഞില്ല അത് ഒരു ദുരിതമണെന്ന്

പ്രകൃതിയുടെ മകൾ അല്ലേ നീ

എന്നിട്ടും നീ അതൊന്നും ഓർക്കാതെ

പ്രകൃതിയാകുന്ന നിന്റെ അമ്മയെ നീ

നശിപ്പിച്ചു, അത് എന്തിനെന്ന

ചോദ്യത്തിനുമുന്നിൽ നീ വരാത്തതെന്തേ !

**ദേവിക വിനോദ്**

**10 A**

# QUIZ TIME

1. Father of Cellular Phone
   a) Alexander Grahambell    b) Herman Holrith
   c) Martin Cooper    d) Richard Stallman

2. Father of Digital Camera
   a) David Slater    b) Steven Sasson
   c) Che Yang Lee    d) William Haken Lee

3.Father of ATM
   a) Thomas Alva Edison    b) John Shepherd-Barron
   c) Alexander Grahambell    d) Vic Hayes

4. Father of FM Broadcasting
   a) Thomas Alva Edison    b) Michel Farade
   c) William Latham Hughes    d) Edwin Howard Armstrong

5. Father of CSS
   a) Ankit Fadia    b) Håkon Wium Lie
   c) Brendan Eich    d) Leslie Lambort

6. Father of Linux Kernel
   a) Jimmy Wales    b) Carl Linneus
   c) Richard Stallman    d) Linus Thorwalds

7. Father of Wireless Communication
   a) Charles Dickens    b) Marconi
   c) Michel Farade    d) Jagadish Chandra Bose

8. Father of Telephone
   a) Martin Cooper    b) Thomas Alva Edison
   c) Alexander Graham Bell    d) Jagadheesh Chandra Bose

9. Father of Internet
   a) Tim Bernerslee    b) Ray Tomlison
   c) Bill Gates    d) Vint Cerf

10. Father of Mouse
   a) Steve Vosniyak    b) Douglas Engelbart
   c) Vint Cerf    d) Charles Babbage

## ANSWERS

1) Martin Cooper    2) Steven Sasson    3) John Shepherd-Barron    4) Edwin Howard Armstrong

5) Håkon Wium Lie    6) Linus Thorwalds    7) Jagadish Chandra Bose    8) Alexander Graham Bell

9) Vint Cerf    10) Douglas Engelbart

# ഓർമ്മയിലെ മഴ

പ്രകൃതിയുടെ കാലൊച്ചയായ മഴയെന്നെ
ആമോദഭരിതമാക്കിയ വേളകൾ
എന്നെയുമെന്റെ കൂട്ടുക്കാരെയും
സന്തോഷിപ്പിച്ച നിമിഷങ്ങൾ
ഓർക്കുന്നു ഞാൻ ഓർക്കുന്നു
പുലരികളിൽ പുൽമേടുകളിൽ
തങ്ങിനിൽക്കുന്ന മഴത്തുള്ളികൾ
സന്തോഷിപ്പിച്ചതെത്രയോ..
ഓർക്കുന്നു.. ഞാൻ ഓർക്കുന്നു
ഇടിയുടെ ശബ്ദമെന്നെ
ഭയപ്പെടുത്തിയ നിമിഷങ്ങൾ
മഴയത്തു കളിവഞ്ചിയൊഴുക്കിയ
ഓർമ്മകൾ ഞാൻ ഓർക്കുന്നു

**മേഘന ബി.എം**
**10 A**

# ഒരു ഫോട്ടോഗ്രാഫി ടിപ്പ്

ചേട്ടാ ഞാൻ waterfall ന്റെ പടം എടുത്തിട്ട് ആകെ shake ആയിരിയ്ക്കുന്നു.
അതെന്താ...?
അറിയില്ല. ട്രൈപ്പോഡ് സ്ട്രോങ്ങ് ആയിരുന്നു. f8, ISO 100, focus was also done very accurately. Timer മോഡിൽ ഇട്ടിട്ടാണ് പടം എടുത്തത്. എന്നിട്ടും പടം വന്നപ്പോ മിൽക്ക് ഷേക്ക്. f8- ൽ കിട്ടേണ്ട ഷാർപ്പ്നെസ്സ് ഇല്ലേ... അതില്ല.
കാര്യം ഏകദേശം പിടികിട്ടി. Vibration Reduction (VR) / Image Stabilization (IS) ഉള്ള ലെൻസ് ആണോ ഉപയോഗിയ്ക്കുന്നത്..?
അതെ.
അതാണ് പ്രശ്നം. Vibration Reduction (VR) / Image Stabilization (IS) ഉള്ള ലെൻസാണെങ്കിൽ ട്രൈപ്പോഡിലോ മറ്റോ വച്ച് ലോങ്ങ് എക്സ്പോഷർ പടങ്ങൾ എടുക്കുമ്പോ ലെൻസിന്റെ VR/IS ഓഫ് ചെയ്യണം. ഇല്ലെങ്കിൽ ഇങ്ങനെ സംഭവിയ്ക്കും.
ങ്ഹേ...? ഷേക്ക് കുറയ്ക്കാനല്ലേ VR/IS..?
അതെ.. അത് വർക്ക് ചെയ്യുന്നതെങ്ങിനെയെന്നുവച്ചാൽ, ലെൻസിലെ VR/IS മോഡ്യൂൾ - "ങേ... ഈ ക്യാമയെങ്ങാനും ഷേക്ക് ആവുന്നുണ്ടോ.... ണ്ടോ... ണ്ടോ...?" - എന്നിങ്ങനെ എപ്പോഴും ചെക്ക് ചെയ്യോണ്ടിരിയ്ക്കും. ഉണ്ടെങ്കിൽ "പ്പോ ശര്യാക്കിത്തരാം" - എന്നും പറഞ്ഞ് ആ ഷേക്ക് കറക്റ്റ് ചെയ്യും. അപ്പോ ഒരു ഷേക്കും ഇല്ലെങ്കിലോ..? അപ്പോഴും ലെൻസിന്റെ VR/IS മോഡ്യൂൾ "ഷേക്ക് ഉണ്ടോ" - ന്ന് നോക്കിക്കൊണ്ടിരിയ്ക്കും. This is called feedback loop and this action will introduce camera shake.

അതുകൊണ്ട് ട്രൈപ്പോഡിൽ വച്ച് long exposure പടം എടുക്കുമ്പോൾ....?
Vibration Reduction (VR) / Image Stabilization (IS) ഓഫ് ചെയ്യണം...
അതെ... പക്ഷെ അതുകൊണ്ടും എന്റെ ഇപ്പോഴത്തെ പ്രശ്നം തീരുന്നില്ലല്ലോ...?
എന്താ നിന്റെ പ്രശ്നം...?
എടുത്ത പടങ്ങൾ എല്ലാം ഇതുപോലെ shake ആയിരിയ്ക്കുകയാണ്. അതെല്ലാം ഇനി എന്തുചെയ്യും...?
നീ പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ട. അതെല്ലാം നിന്റെ ഹാർഡ് ഡിസ്കിന്റെ മൂലയിൽ പൊടിപിടിച്ച്, ദീനദീനം വിലപിച്ച് കിടന്നോളും.
കളിയാക്കാതെ...അത് ഉപയോഗിക്കാൻ എന്തെങ്കിലും ടെക്ക്നിക്ക് പറ മുതലാളീ....- at least 2-3 പടങ്ങളെങ്കിലും...
ഓക്കെ.. ഇന്നാ പിടിച്ചോ... അതിനെ B/W ആയി convert ചെയ്യുക. കുറച്ചൂടെ glamour glow കൊടുക്കുക. കണ്ടാൽ ഒരു mystic feel വരണം.. Orton effect എന്നൊന്നു സെർച്ച് ചെയ്യേക്ക്... ഏകദേശം കാര്യങ്ങൾ പിടികിട്ടും..
എന്നിട്ട്..?
എന്നിട്ടൊന്നുമില്ല.... കഥ കഴിഞ്ഞു. ഇനി അതും പോരെങ്കിൽ - "ഞാൻ ഇങ്ങനെയാണ് പടം എടുക്കാൻ ഉദ്ദേശിച്ചത്.. Yes I got the picture exactly the way I have ever imagined..!! എന്നും കൂടി തള്ളിയേക്ക്." -

**എഴുത്ത് - പ്രശാന്ത് രവീന്ദ്രൻ , ഫോട്ടോമ്യൂസ്**

# പനിനീർ ചെടിയും പൂമ്പാറ്റയും

പനിനീർ ചെടിയിൽ

തുള്ളിക്കളിക്കും

പൂമ്പാറ്റകിളിയെ

നീ വരുന്നോ

എന്റെ കൂടെ

പൂനുള്ളാൻ...

പൂമ്പൊടിയും തേനും

നൽകീടാം ഞാൻ...

വണ്ണാത്തിക്കിളിയോട്

കിന്നാരം ചൊല്ലാം...

തൊടിയിൽ

അണ്ണാറക്കണ്ണനോടൊത്തുക്കളിക്കാം...

പൂമ്പാറ്റക്കിളിയെ

പോരുമോ എന്റെ കൂടെ...


പൂമ്പൊടിയും തേനുമേകിടാം

നിനക്കായ് ഞാൻ...

**അനുനന്ദ**
7 A


# കുട്ടികൾ വരച്ച ചിത്രങ്ങൾ






by Sethulakshmi
P.G




By
ABHIRAMI.M


by sethu


by sethu lakshmi





ANUNANDHA·M·B
VII A





SAFAL VII A


Anunandha
VII A






Umarul Mukthar


DEVIKA.K.J 8A

# വിദ്യാലയ മികവുകൾ



ഫുട്ബോൾ മേളയിൽ സമൂഹം ഹൈസ്കൂൾ ജേതാക്കൾ

വാർത്ത കാണാം

ഫുട്ബോൾ കോച്ചിങ് ക്യാമ്പ്

**പ്രതിഭകളോടൊപ്പം**

വീഡിയോ കാണാം

# IT പദപ്രശ്നം

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | G [1] | | | | | | | | |
| | | [2] | N | | | C | | | E | |
| | | | | | | | | | | |
| T [3] | | P | | | | B [4] | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | D | | | | |
| | | | | | | | | | | |
| | | | | | K [5] | R | | | | A |

**താഴേക്ക്**

1. ഈ സോഫ്റ്റ്‌വെയർ ന്റെ ഔദ്യോഗിക ചിഹ്നമാണ് വിൽബർ

4. ഒരു 3D അനിമേഷൻ സോഫ്റ്റ്‌വെയർ

**വലത്തോട്ട്**

2. ഒരു വെക്റ്റർ ഇമേജ് എഡിറ്റിംഗ് സോഫ്റ്റ്‌വെയർ

3. .tub എക്സ് ടെൻഷൻ ആയി സേവ് ചെയ്യുന്ന സോഫ്റ്റ്‌വെയർ

5. ഈ സോഫ്റ്റ്‌വെയർ ന്റെ എക്സ്റ്റൻഷൻ ആണ് .kra


thank
you